(ബി) അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്ത പോലീസുകാരുടെ പേരു വിവരം അനുബന്ധം - II ആയി ചേർത്തിട്ടുണ്ട്.

(ഡി) ഉണ്ടായിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) സെക്ഷൻ 323,325 റെഡ് വിത്ത് 34 ഐ.പി.സി. പ്രകാരം.

(ജി) മേപ്പാടി പോലീസ് സ്റ്റേഷനിലെ പി.സി. 1216 ഇബ്രാഹീമിനെതിരെയും പി.സി. 1114 പ്രകാശനെതിരെയും.

(എച്ച്) ഇല്ല.

(ഐ) അത്തരം അപേക്ഷകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

41 (1401) പോലീസ് മർദ്ദനം സംബന്ധിച്ച അന്വേഷണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിന്റെ പത്തനംതിട്ട ജില്ലാ കമ്മിറ്റി അംഗവും എസ്.റ്റി.യു. ജില്ലാ കൺവീനറുമായ എൻ. അൻസാരിയെ 1998 ജൂൺ മാസം 25-ാം തീയതി രാത്രി 8 മണിക്ക് അടൂർ പോലീസ് മർദ്ദിച്ച സംഭവത്തെ സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ പുരോഗതി അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് അൻസാരി നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ നമ്പർ എത്ര;

(ഡി) പ്രസ്തുത കേസ്സ് ചാർജ്ജ് ചെയ്തുവോ;

(ഇ) കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്നറിയിക്കുമോ?

ഉത്തരം

(എ),(ബി),(സി),(ഡി)&(ഇ) അൻസാരിയെ പോലീസ് മർദ്ദിച്ചതായ സംഭവം ഉണ്ടായിട്ടില്ല.

42 (1402) മഞ്ചേരിയിലെ പുൽപ്പറ്റ പഞ്ചായത്തിലെ പുറ്റംകോട്ട് ചാലിൽ കുഞ്ഞനെ മർദ്ദിച്ച സംഭവം

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിലെ പുൽപ്പറ്റ പഞ്ചായത്തിലെ പുറ്റംകോട്ട് ചാലിൽ കണ്ണൻ മകൻ കുഞ്ഞനെ ഒരു സംഘം ആളുകൾ മർദ്ദിച്ച സംഭവത്തിന്റെ പേരിൽ മഞ്ചേരി പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ ഈ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കോടതിയിൽ ചാർജ്ജ് ഷീറ്റ് കൊടുത്തുവോ;

(സി) ആരെല്ലാമാണ് ഈ കേസ്സിലെ പ്രതികൾ; അവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കേസ്സ് റഫർ ചെയ്തിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly